ഭരണഭാഷ – മാതൃഭാഷ

# പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

(ഹാജർ - രാജ്ജ. വി)

വിഷയം:- പൊ.വി - ജീവനം - അന്തർജില്ലാ സ്ഥലംമാറ്റം - എൽ.പി.എസ്.റ്റി/ യു.പി.എസ്.റ്റി - 2023-24 – അന്തിമ ഉത്തരവ് പുറപ്പെടുവിച്ച് ഉത്തരവാകുന്നു:-

സൂചന:-1. എ 1/11483/2023/ഡി.ജി.ഇ, തീയതി. 27.10.2023
2. സ.ഉ(എം.എസ്) 94/2003/പൊ.വി, തീയതി. 23.04.2003.
3. സ.ഉ(പി) 42/2012/ഉ.ഭ.പ.വ, തീയതി. 23.08.2012.
4. 02.12.1991-ലെ സർക്കാർ ഉത്തരവ് നമ്പർ. 36/1991/പി & എ.ആർ.ഡി
5. ഈ ആഫീസിലെ 04.12.2023-ലെ ഇതേ നമ്പർ ഉത്തരവ്.
6. അദ്ധ്യാപകരുടെ ഓൺലൈൻ അപേക്ഷ.
7. ശ്രീമതി. ഷിബ. സി.എ യുടെ അപേക്ഷ
8. ശ്രീമതി. ജോസ്സി ജി.സി-യുടെ അപേക്ഷ

****************************

**ഉത്തരവ് നമ്പർ. ഡി.ഡി.ഇ.പി.റ്റി.എ/4154/2023-എ 3, തീയതി. 19.12.2023**

സൂചന (1) പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ 2023-2024 വർഷത്തെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അർഹരായ അദ്ധ്യാപകരിൽ നിന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ അപേക്ഷ ഓൺലൈനായി ക്ഷണിച്ചിരുന്നു. ആയതിൻ പ്രകാരം സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് നിലവിലെ അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവുകൾക്ക് അനുസൃതമായി താത്ക്കാലിക മുൻഗണനാ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങൾ ക്ഷണിയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ മുൻഗണനാ ലിസ്റ്റിൽ ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്തതും ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുള്ളതും ആകുന്നു. അന്തിമ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സൂചന (5) പ്രകാരം താത്ക്കാലിക സ്ഥലംമാറ്റ ഉത്തരവ് പ്രസിദ്ധീകരിക്കുകയും ടി ഉത്തരവിൽ ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ ആയത് സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു. താത്ക്കാലിക ഉത്തരവിലെ ക്രമ നമ്പർ.1 ശ്രീ. ഷിബ. സി.എ, എൽ.പി.എസ്.റ്റി-യുടെ സൂചന (7) അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാരിയുടെ 1-ാം ഓപ്ഷൻ അനുവദിച്ചുകൊണ്ടും സൂചന (8) ശ്രീമതി. ജോസ്സി ജി.സി-യുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മുൻഗണന അടിസ്ഥാനപ്പെടുത്തി സ്ഥലംമാറ്റം അനുവദിച്ച് കൊണ്ടും, എന്നാൽ മറ്റ് ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിയ്ക്കാത്ത സാഹചര്യത്തിൽ താഴെ പറയുന്ന പ്രൈമറി അദ്ധ്യാപകരെ അവരവരുടെ പേരിനോടൊപ്പമുള്ള സ്കൂളുകളിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകി ഉടൻ പ്രാബല്യത്തിൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, സ്കൂളിന്റെ പേര് | തസ്തിക | റാങ്ക് നമ്പർ | സ്ഥലംമാറ്റം അനുവദിച്ച സ്കൂളിന്റെ പേര് | അഭിപ്രായം |
|---|---|---|---|---|---|
| 1 | ശ്രീമതി. ഷീബ. സി.എ ജി.യു.പി.എസ് പാമ്പൂർക്കാവ്, ഇടുക്കി | LPST | 2 | ജി.യു.പി.എസ് തുരുത്തിക്കാട് | ജനറൽ സീനിയോറിറ്റി |
| 2 | സുനിത. ബി ജി.എം.യു.പി.എസ് മാടായി, കണ്ണൂർ | LPST | 3 | ജി.റ്റി.യു.പി.എസ് ഗുരുനാഥൻമണ്ണ് | ജനറൽ സീനിയോറിറ്റി |
| 3 | ജോസ്സി ജി.സി ജി.ബി.എൽ.പി.എസ് ബൊംബ്രാന, കാസർഗോഡ് | LPST | 26 | ജി.റ്റി.എൽ.പി.എസ് അട്ടത്തോട് | മുൻഗണന പ്രവാസി കേരളിയരുടെ ഭാര്യ |
| 4 | സുനിൽ അലക്സാണ്ടർ ജി.എച്ച്.എസ് ചെമ്മണ്ണ്, ഇടുക്കി | UPST | 11 | ജി.റ്റി.എച്ച്.എസ് കട്ടച്ചിറ | ജനറൽ സീനിയോറിറ്റി |

ക്രമ നമ്പർ. 2 മുതൽ 4 വരെയുള്ളവരുടെ സ്ഥലംമാറ്റം സൂചന ഉത്തരവ് (2)-ന്റെ അടിസ്ഥാനത്തിലാണ്. ടി അദ്ധ്യാപകർ പത്തനംതിട്ട ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 5 വർഷ കാലയളവിലേയ്ക്ക് ഉത്തരവിൽ പരാമർശിക്കുന്ന ഹിൽ റിമോട്ട് ഏരിയ സ്കൂളുകളിലേയ്ക്ക് മാത്രമേ സ്ഥലംമാറ്റത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. മറ്റ് സ്കൂളുകളിലേയ്ക്ക് ടി അദ്ധ്യാപകർ അപേക്ഷ സമർപ്പിക്കുവാനോ പ്രഥമാദ്ധ്യാപകൻ അപേക്ഷ ശുപാർശ ചെയ്യുവാനോ പാടുള്ളതല്ല. ആയതിന് വിരുദ്ധമായി ചെയ്യുന്ന അദ്ധ്യാപകർ, പ്രഥമാദ്ധ്യാപകർ എന്നിവർക്കെതിരെ ഉചിത നടപടി സ്വീകരിക്കുന്നതായിരിക്കും. സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർ ഹിൽ റിമോട്ട് ഏരിയ സ്കൂളുകളിൽ സേവനം അനുഷ്ഠിച്ചുകൊള്ളാം എന്ന സത്യവാങ്മൂലം തയ്യാറാക്കി ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളിലെ പ്രഥമാദ്ധ്യാപകൻ മേലൊപ്പ് വെച്ച് സേവന പുസ്തകത്തിൽ പതിക്കേണ്ടതാണ്. **അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകർ സൂചന (3)-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ജില്ലയിൽ പരിവീക്ഷകാലം പൂർത്തീകരിക്കേണ്ടതാണ്.**

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകരുടെ സീനിയോറിറ്റി പത്തനംതിട്ട ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. അന്തർജില്ലാ സ്ഥലംമാറ്റം ഉത്തരവായിട്ടുള്ള അദ്ധ്യാപകർ പത്തനംതിട്ട ജില്ലയിൽ

ജോലിയിൽ പ്രവേശിക്കുന്ന ദിവസം ടി തസ്തികയിലെ ഏറ്റവും ജൂനിയറായിരിക്കും. ഇതിനുള്ള സമ്മതപത്രം തയ്യാറാക്കി ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളിലെ പ്രധമാദ്ധ്യാപകർ മേലൊപ്പ് വെച്ച് സേവന പുസ്തകത്തിൽ പതിക്കേണ്ടതാണ്.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയാണ് സ്ഥലംമാറ്റം ലഭിച്ചത് എന്ന് തുടർ അന്വേഷണത്തിൽ ബോധ്യപ്പെടുന്ന പക്ഷം നിലവിൽ ഉത്തരവായിട്ടുള്ള സ്ഥലംമാറ്റം പുന:പരിശോധിയ്ക്കുന്നതാണ്. സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകരുടെ സ്ഥലംമാറ്റം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിയില്ലാതെ റദ്ദാക്കുന്നതല്ല. സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർ നിലവിൽ സേവനത്തിൽ തുടരുന്ന ജില്ലയിൽ നിന്നും 02.01.2024-നകം വിടുതൽ ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ അദ്ധ്യാപകർ സേവനത്തിൽ പ്രവേശിച്ച തീയതി ഈ ആഫീസിൽ താമസംവിനാ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഉത്തരവിൽ എന്തെങ്കിലും അപാകതകൾ ഉണ്ട് എങ്കിൽ ആയത് ഈ കാര്യാലയത്തിൽ അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

രാജു. വി
**PEN No. 172761**
വിദ്യാഭ്യാസ ഉപഡയറക്ടർ
പത്തനംതിട്ട, തിരുവല്ല.

സ്വീകർത്താവ്,

1. ബന്ധപ്പെട്ട അദ്ധ്യാപകർ
2. ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകർ
3. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ

എസ്/-